പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4121 | 03.02.2014- ലെ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കുന്നതിനുള്ള നടപടിക്രമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | എ) | ഫുഡ്സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കർശനമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>ഫുഡ്സേഫ്ടി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം ഫുഡ്സേഫ്ടി കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾതല ഫുഡ് സേഫ്ടി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്ത് 114 ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ കൂടി ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാൻ കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്ടി കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധികാരപരിധി നിയമസഭാമണ്ഡല അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തി 140 സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുവാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഈ ലാബുകൾക്ക് ദേശീയ അംഗീകാരം (NABL) കിട്ടുന്നതിനായി വേണ്ടുന്ന നടപടികൾ ത്വരിതഗതിയിൽ ആക്കിയിട്ടുണ്ട്. തിരുവനന്തപുരം അനലിറ്റിക്കൽ ലാബിന്റെ അക്രെഡിറ്റേഷൻ പ്രവൃത്തികൾ ധ്രുതഗതിയിൽ പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ ഭക്ഷ്യവ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനായി മൂവായിരത്തിലധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.<br>പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻതന്നെ പരിഹാരം കണ്ടെത്തുന്നതിനായി പൊതുജനങ്ങൾക്കായി സൗജന്യമായ ടോൾഫ്രീ നമ്പറിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. (1800 425 1125). |
| ബി) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ കൂടുതൽ ജീവനക്കാര നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എല്ലാ ജില്ലകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം വകപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പിലെ നിലവിലെ ജിവനക്കാരുടെ എണ്ണം തുലോം പരിമിതമാണ്. ആയതുൾപ്പെടെ പരിഗണിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പുനസംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കുള്ള പി & എആർഡി വകുപ്പിന്റെ പഠനം അവസാനഘട്ടത്തിലാണ്.<br>എന്നാൽ പുതിയതായി സൃഷ്ടിച്ച 57 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളും മുനിസിപ്പാലിറ്റി കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള 32 തസ്തികയും കൂടി ചേർത്ത് ഇതിനകം എല്ലാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) | ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ; | സി) | 2011ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റെഗുലേഷനിലെ (ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) അനക്ഷർ 2ൽ ഇത് സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട് (അനുബന്ധം - 1). ലൈസൻസോ രജിസ്ട്രേഷനോ നൽകുമ്പോൾ അതാത് ഡെസിഗ്നേറ്റഡ് ഓഫീസറോ/ ഫുഡ് സേഫ്റ്റി ഓഫീസറോ ആയത് സംബന്ധിച്ച് ഉറപ്പവരുത്തുന്നുണ്ട്. |
| ഡി) | ഭക്ഷ്യസുരക്ഷാ ലൈസൻസിനായി വ്യാപാരികൾ 2 തരം ലൈസൻസ് എടുക്കുന്നതായി പരാതി ഉയരുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് ഏടുപ്പിക്കുന്നതിന് നിർബന്ധിക്കുന്നതും ഒഴിവാക്കുന്നതിന് വകുപ്പുതല ഏകോപനം സാധ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | ഡി) | ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ D&O ലൈസൻസ് നിർബന്ധമാണ്. എന്നാൽ ഭക്ഷ്യ മേഖലയിൽ വ്യാപാരം നടത്തുന്ന എല്ലാ സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ അനുശാസിക്കും പ്രകാരം ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമായും എടുക്കേണ്ടതാണ്. കൂടാതെ 2014 ഫെബ്രുവരി 4-ാം തീയതിവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ എതെങ്കിലും , ലൈസൻസോ് രജിസ്ട്രേഷനോ കൈവശമുള്ളവർക്ക് മറ്റ് പരിശോധനകൾ കൂടാതെ ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷാ ലൈസൻസ് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | വ്യാപാരികൾ ലൈസൻസ് എടുക്കുന്നതുമായി ബന്ധപ്പെട്ട് അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ. ഫുഡ് സേഫ്റ്റി ലൈസൻസ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഇ) | ഭക്ഷ്യസുരക്ഷാ ലൈസൻസും/രജിസ്ട്രേഷനും ഓൺലൈനിൽ കൂടി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ Keltron ൽ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ആയത് നിലവിൽ വരുന്നതോടുകൂടി വ്യാപാരികൾക്ക് ലൈസൻസ് എടുക്കുന്ന നടപടികൾ വേഗത്തിലാകും. |

സെക്ഷൻ ഓഫീസർ

അനുബന്ധം — I



17. Re-call plan wherever applicable, with details on whom the product distributed.
18. NOCs from Municipality or local body and from State Pollution Control Board except in case of notified industrial area.

Documents to be included for renewal or transfer of license given under the existing laws prior to these Regulations.

1. Any change in documents or information provided during grant of previous license.
2. Certificate or Plan of Food Safety Management System being adopted (for units under Central Licensing it has to be a certificate from accredited agencies).
3. List of workers with their medical fitness certificates.
4. Name, qualification and details of technical personnel in charge of operation.

## ANNEXURE 3

## CONDITIONS OF LICENSE

All Food Business Operators shall ensure that the following conditions are complied with at all times during the course of its food business.

Food Business Operators shall:—

1. Display a true copy of the license granted in Form C shall at all times at a prominent place in the premises.
2. Give necessary access to Licensing Authorities or their authorised personnel to the premises.
3. Inform Authorities about any change or modifications in activities/ of license.
4. Employ at least one technical person to supervise the production process. The person supervising the production process shall possess at degree in science with chemistry/bio chemistry/food and nutrition/ microbiology or a degree or diploma in food technology/dairy technology/ dairy microbiology/dairy chemistry/dairy engineering/oil technology/ veterinary science/hotel management & catering technology or any degree or diploma in any other discipline related to the specific requirement of the business from a recognized university or institute or equivalent.
5. Furnish periodic annual return (1st April to 31st March), within up May of each year. For collection/handling/manufacturing of Milk Milk Products half yearly returns also to be furnished as specified April to 31st September before 30th November and 1st October March).
6. Ensure that no product other than the product indicated in the license/ registration is produced in the unit.
7. Maintain factory's sanitary and hygienic standards and worker as specified in the Schedule 4 according to the category of food business
8. Maintain daily records of production, raw materials utilization separately.